## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ: 339/2020/സം.തി.ക തീയതി, തിരുവനന്തപുരം, 2020 ഡിസംബർ 11

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2020 നവംബർ 12 -ാം തീയതിയിലെ 308/2020/സംതിക നമ്പർ വിജ്ഞാപനത്തിൽ ഉൾപ്പെട്ട, ആലപ്പുഴ ജില്ലയിൽ ജി. 20 മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ 18. കാട്ടൂർ കിഴക്ക് നിയോജകമണ്ഡലത്തിലെ 02. സർവോദയപുരം സ്മാൾ സ്കെയിൽ കയർ മാറ്റ് പ്രൊഡ്യൂസർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ഹാൾ പോളിംഗ് സ്റ്റേഷനിൽ, 2020 ഡിസംബർ 8 -ാം തീയതി നടന്ന വോട്ടെടുപ്പിൽ വോട്ടിംഗ് മെഷീൻ തകരാറായതിനാലും, അതിൽ രേഖപ്പെടുത്തിയ വോട്ടുകൾ എണ്ണിതിട്ടപ്പെടുത്താൻ കഴിയില്ല എന്ന് വരണാധികാരി റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും പ്രസ്തുത പോളിംഗ് സ്റ്റേഷനിൽ 2020 ഡിസംബർ 8-ാം തീയതി നടന്ന വോട്ടെടുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 72 (2) (എ) -ാം വകുപ്പ് പ്രകാരം അസാധുവാണെന്ന് പ്രഖ്യാപിക്കുകയും പ്രസ്തുത പോളിംഗ് സ്റ്റേഷനിലെ വോട്ടെടുപ്പ് 2020 ഡിസംബർ 14 (തിങ്കൾ) രാവിലെ 7.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ആദ്യ വോട്ടെടുപ്പ് എന്നതുപോലെ നടത്തേണ്ടതാണെന്നും പ്രസ്തുത നിയോജകമണ്ഡലത്തിലെ വോട്ടെണ്ണൽ 2020 ഡിസംബർ 16 (ബുധൻ) രാവിലെ 8.00 മണിക്ക് ആരംഭിക്കേണ്ടതാണെന്നും കമ്മീഷൻ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

**വി.ഭാസ്കരൻ,**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.**

സംസ്ഥാനതിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33